(ബി) ഇക്കാര്യത്തിനായി കേന്ദ്ര സംഘം പ്രസ്തുത സ്ഥലം സന്ദർശിച്ചുവോ;

(സി) എങ്കിൽ കേന്ദ്രാനുവാദം കിട്ടിയോ;

(ഡി) ദേവസ്വം ബോർഡ് ഈ സ്ഥലം എന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഇ) ഇതു പതിച്ചുകൊടുക്കുവാൻ കാലതാമസം വരുന്നതിന്റെ കാരണമെന്ത്;

(എഫ്) ഈ സ്ഥലം എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശബരിമലയുടെ വികസനത്തിന് താഴെ വിവരിക്കുന്ന രീതിയിൽ 40 ഏക്കർ വനഭൂമിയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിരിക്കുന്നത്.

1.	ശരംകുത്തി	13.8 ഏക്കർ
2.	വെടിപ്പുര	6.5 ,,
3.	മാളികപ്പുറം	4.7 ,,
4.	പമ്പ ഗണപതി കോവിലിനു സമീപം	3.5 ,,
5.	പമ്പാനദിയുടെ ഇടതു വശത്ത്	6.5 ,,

(ബി) ഇക്കാര്യത്തിനായി കേന്ദ്രസംഘം സ്ഥലം സന്ദർശിച്ചതായി അറിവൊന്നുമില്ല.

(സി) കേന്ദ്രാനുവാദം കിട്ടിയിട്ടില്ല.

(ഡി) ദേവസ്വം ബോർഡ് 1970-ലാണ് ഈ സ്ഥലം ആവശ്യപ്പെട്ടിട്ടുള്ളത്.

(ഇ) കേന്ദ്ര വനസംരക്ഷണ നിയമമനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിക്കാത്തതുകൊണ്ട്.

(എഫ്) കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ സ്ഥലം എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് ഇപ്പോൾ പറയുവാൻ പറ്റുകയില്ല.

കേരളത്തിനു പുറത്തുനിന്നുള്ള വ്യവസായികൾക്ക് പ്രോൽസാഹനം

646 [215] ശ്രീ. ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പുറത്തുനിന്ന് വ്യവസായികളെ ഇങ്ങോട്ട് ആകർഷിക്കുവാൻ എന്തെല്ലാം പ്രോൽസാഹനങ്ങളാണ് സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ളത്;

(ബി) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഈ സൗജന്യങ്ങൾ ഉപയോഗപ്പെടുത്തി കേരളത്തിനു പുറത്തുള്ള വ്യവസായികൾ എത്ര വൻതോതിൽ ഇടത്തരം വ്യവസായങ്ങൾ ഇവിടെ ആരംഭിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിനു പുറത്തുനിന്നുള്ള വ്യവസായികൾക്ക് പ്രധാനമായും താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്.

(1) ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി സ്റ്റഡിക്കു വേണ്ടിവരുന്ന ചെലവിന്റെ ഒരു പങ്ക് വഹിക്കുന്നു.

(2) വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച ജില്ലകളുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് സെൻട്രൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും നൽകുന്നു.

(3) ഉൽപ്പാദനം ആരംഭിച്ചുകഴിഞ്ഞ യൂണിറ്റുകളെ ആദ്യത്തെ മൂന്നുവർഷത്തേക്ക് ഇലക്ട്രിസിറ്റി തീരുവയിൽ നിന്ന് ഒഴിവാക്കുന്നു.

(4) 2-9-1982-നും 1-9-1987-നും ഇടയ്ക്ക് ഉൽപ്പാദനം ആരംഭിച്ചിട്ടുള്ള വ്യവസായ യൂണിറ്റുകൾക്ക് 1982-ന് മുമ്പ് പ്രാബല്യത്തിലിരുന്ന കറൻറ് ചാർജ്ജ് അനുവദിക്കുന്നു.

മുകളിൽ പറഞ്ഞ ആനുകൂല്യങ്ങൾക്കു പുറമെ, കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ നിലവിലുള്ളതിനെപ്പറ്റിയും, ലഭ്യമാകുന്ന ആനുകൂല്യങ്ങളെപ്പറ്റിയും ബോധപൂർവ്വമുള്ള പ്രചരണം നൽകി വ്യവസായികളെ ആകർഷിക്കാനുള്ള ശ്രമം തുടരുന്നുണ്ട്.

(ബി) 21 (ഇരുപത്തി ഒന്ന്)

ലാൻറ് റീ-സർവ്വേ

647 [610] ശ്രീ. പി. വിജയദാസ്:
,, കെ. കൃഷ്ണൻകുട്ടി:
,, കെ. കെ. ബാലകൃഷ്ണൻ:
ശ്രീമതി റേച്ചൽ സണ്ണി പനവേലി:
ശ്രീ. വി. സി. കബീർ:
,, സിറിയക് ജോൺ:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാൻറ് റീ-സർവ്വേയ്ക്കുള്ള സംവിധാനമെന്താണ്;

(ബി) ഇതിന്റെ പ്രവർത്തനം എന്നാണ് തുടങ്ങിയത്;

(സി) റീ-സർവ്വേ എന്തുമാത്രം പുരോഗമിച്ചു; എത്ര താലൂക്കുകളിൽ പൂർത്തിയായി;

(ഡി) ഇതെന്നുപൂർത്തിയാകുമെന്നു വ്യക്തമാക്കാമോ;

(ഇ) ഓരോ ജില്ലയിലും എത്രത്തോളം പൂർത്തിയായി;

(എഫ്) റീ-സർവ്വേയ്ക്കുവേണ്ടി ട്ടു ഉടമകളിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ജി) റീ-സർവ്വേക്കായി കേന്ദ്ര ബഡ്ജറിൽ നിന്നും അനുവദിച്ച തുക ലാപ്സായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly